"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി - പദ്ധതി സുഗമമായി നടപ്പാക്കുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഹിതം വകയിരുത്താൻ- അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.977/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 470/2017/സാം.കാ.വ., തീയതി 28.07.2017

2 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.2020-ലെ P1-2440/19-സാം.വ. നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ന് കൂടിയ യോഗത്തിന്റെ തീരുമാനം 4.61

**ഉത്തരവ്**

സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കി വരുന്ന, പരാമർശം (1) പ്രകാരം ഭരണാനുമതി നൽകപ്പെട്ട, യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി നേരത്തെ നിശ്ചയിച്ചത് രണ്ടു വർഷക്കാലത്തേയ്ക്ക് നടപ്പാക്കാനായിരുന്നു എന്നും വിഭാവനം ചെയ്ത കാലാവധി കഴിഞ്ഞതിനാൽ തുടർ വർഷങ്ങളിലും ഇതു നടപ്പാക്കാൻ സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നുവെന്നും 2020-21 വർഷത്തെ ഇതുസംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് അഭ്യർത്ഥിച്ചിരുന്നു. മുൻ വർഷങ്ങളിൽ ഒരു കലാകാരന് 10000/- രൂപ സാംസ്കാരിക വകുപ്പും 5000/- രൂപ തദ്ദേശഭരണ സ്ഥാപനവുമാണ് നൽകിയിരുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി തുടർന്നും സുഗമമായി നടപ്പാക്കുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും കലാകാരന്മാരുടെ എണ്ണത്തിനനുസൃതമായി തുക വകയിരുത്താൻ അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ കഴിഞ്ഞവർഷത്തെ കുടിശ്ശികയുണ്ടെങ്കിൽ അതും കലാകാരന്മാർക്ക് നൽകേണ്ടതാണ് . ഇതോടൊപ്പം, ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുന്നതിന് മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ പരിപാടി നടപ്പാക്കുന്ന നഗരസഭകൾക്കും വിഹിതം വകയിരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എ.യ്ക്ക്